ഉത്തരം

(എ) ഉണ്ട്.

(ബി) ബ്ലഡ് ബാങ്ക് ആരംഭിക്കുന്നതിന് ആവശ്യമായ മുഴുവൻ ഉപകരണങ്ങളും ലഭിച്ചിട്ടില്ല. കൂടാതെ ആവശ്യമായ ജീവനക്കാരുടെ തസ്തികകളും നിലവിലില്ല. ഈ കാരണങ്ങളാൽ ബ്ലഡ് ബാങ്കിന് ആവശ്യമായ ലൈസൻസ് ഇതുവരെയും ലഭിച്ചിട്ടില്ല.

(സി) ബ്ലഡ് ബാങ്ക് പ്രവർത്തനത്തിന് ആവശ്യമായ ഉപകരണങ്ങളും തസ്തികകളും അനുവദിക്കുന്ന മുറയ്ക്ക് ലൈസൻസ് ലഭ്യമാക്കി ബ്ലഡ് ബാങ്ക് സൗകര്യം ഏർപ്പെടുത്തുന്നതാണ്.

പുതൂർ പ്രൈമറി ഹെൽത്ത് സെന്ററിലെ രോഗികൾക്ക് പാലും, റൊട്ടിയും നൽകുന്നത് പുനരാരംഭിക്കാൻ നടപടി

59 [5921] ശ്രീ. കളത്തിൽ അബ്ദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണാർക്കാട് നിയോജകമണ്ഡലത്തിലെ പുതൂർ പ്രൈമറി ഹെൽത്ത് സെന്ററിൽ രോഗികൾക്ക് നൽകിക്കൊണ്ടിരിക്കുന്ന റൊട്ടിയും, പാലും മുടങ്ങിയിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ ഇനത്തിൽ എത്ര രൂപ കുടിശ്ശിക കൊടുത്ത് തീർക്കാനുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ഈ കുടിശ്ശിക കൊടുത്തു തീർക്കാനും രോഗികൾക്ക് നിത്യേന റൊട്ടിയും, പാലും വിതരണം പുനരാരംഭിക്കാനുമായി സത്വര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഈ ഇനത്തിൽ 1,60,000 രൂപ കുടിശ്ശിക കൊടുത്തുതീർക്കാനുണ്ട്.

(സി) നടപടി സ്വീകരിച്ചുവരുന്നു.

ആലപ്പുഴ ജില്ലാ ആശുപത്രിയിലെ ശിശുരോഗ യൂണിറ്റ് മെച്ചപ്പെടുത്തുന്നതിന് നടപടി

60 [5922] ശ്രീ. ടി. കെ. ദേവകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലാ ആശുപത്രിയിലെ ശിശുരോഗ യൂണിറ്റിൽ വർദ്ധിച്ച തിരക്ക് അനുഭവപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ യൂണിറ്റിൽ എത്ര കിടക്കകൾ ആണുള്ളത്;

(സി) ശിശുരോഗ യൂണിറ്റിന് അനുബന്ധമായി ഏതെല്ലാം യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പ്രസ്തുത യൂണിറ്റിന്റെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

ഉത്തരം

(എ) ജില്ലാ ആശുപത്രിക്ക് സമീപമുള്ള സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രിയിൽ ശിശുരോഗ യൂണിറ്റുള്ളതിനാൽ സ്പെഷ്യാലിറ്റി കേഡർ നിലവിൽ വന്നപ്പോൾ ജില്ലാ ആശുപത്രിയിലെ ശിശുരോഗ യൂണിറ്റ് നിർത്തലാക്കി.

(ബി) യൂണിറ്റ് നിലവിലുണ്ടായിരുന്നപ്പോൾ 40 കിടക്കകളാണ് ഉണ്ടായിരുന്നത്.

(സി) യാതൊരു യൂണിറ്റും പ്രവർത്തിക്കുന്നില്ല.

(ഡി) ശിശുരോഗ യൂണിറ്റ് നിറുത്തലാക്കിയെങ്കിലും ഒരു ശിശുരോഗ വിദഗ്ദ്ധന്റെ സേവനം ഇപ്പോഴും ലഭ്യമാണ്. ആശുപത്രിയിൽ നിലവിലുള്ള ഭൗതിക സാഹചര്യങ്ങൾ തൃപ്തികരമാണ്.

ശസ്ത്രക്രിയയ്ക്ക് ഗവൺമെന്റ് മെഡിക്കൽ കോളേജ് ആശുപത്രികളിലെ വികസന സൊസൈറ്റികൾ ഈടാക്കുന്ന തുക

61 [5924] ശ്രീ. സി. പി. മുഹമ്മദ്:
,, പ്രയാർ ഗോപാലകൃഷ്ണൻ :
ശ്രീമതി മാലേത്ത് സരളാദേവി:
ശ്രീ. എം. എ. ചന്ദ്രശേഖരൻ:
,, ടി. എൻ. പ്രതാപൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതെല്ലാം ഗവൺമെന്റ് മെഡിക്കൽ കോളേജ് ആശുപത്രികളിലെ കാർഡിയോ തൊറാസിക് വിഭാഗത്തിൽ ഹൃദയ ശസ്ത്രക്രിയകൾക്ക് ആശുപത്രി വികസന സൊസൈറ്റികൾ ഫീസ് ഈടാക്കുന്നുണ്ട്;

(ബി) ഇത്തരത്തിൽപ്പെടുന്ന ഒരു ഓപ്പറേഷന് ആശുപത്രി വികസന സൊസൈറ്റി ഈടാക്കുന്ന തുക എത്രയാണ്;

(സി) മറ്റു പ്രധാനപ്പെട്ട ഓപ്പറേഷനുകൾക്ക് ഈടാക്കുന്ന തുക എത്രവീതമാണ്;

(ഡി) സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്കും ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്കും ഇത്തരം ഓപ്പറേഷനുകൾ സൗജന്യമായി ചെയ്ത്കൊടുക്കാറുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദീകരിക്കുമോ;

(ഇ) ഗവൺമെന്റ് മെഡിക്കൽ കോളേജ് ആശുപത്രികളിലെ മേജർ ഓപ്പറേഷൻ തിയേറ്ററുകൾ ആശുപത്രി വികസന സമിതിയുടെ കീഴിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദവിവരം വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly